**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4858** **20-07-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പാക്കേണ്ട വിശേഷാൽ ടൂറിസം ഗ്രാമസഭ, ടൂറിസം റിസോർസ് മാപ്പിംഗ്, ടൂറിസം റിസോർസ് ഡയറക്ടറി (കരട്) തയ്യാറാക്കൽ ഇവയെല്ലാം നടന്നു കഴിഞ്ഞിട്ടുണ്ട്. ടൂറിസം സംരഭക യോഗം കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞില്ല. രണ്ടാം ഘട്ടത്തിൽ പരിശീലനങ്ങൾ ആണ് നടപ്പിലാക്കുന്നത്. ഇതിൽ ജനപ്രതിനിധികൾക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നതിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. തദ്ദേശവാസികൾക്കായുള്ള പരിശീലനങ്ങൾക്കുള്ള അപേക്ഷ പഞ്ചായത്ത് ശേഖരിച്ച് നൽകുന്നതനുസരിച്ച് പരിശീലനങ്ങൾ നൽകുന്നതാണ്. പ്രദേശത്ത് തദ്ദേശ വാസികളെ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാൻ ഉതകും വിധം ഒരു അനുഭവവേദ്യ പാക്കേജ് ഉണ്ടാക്കുന്നതിനുള്ള നിർദേശം പരിശീലനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ആയതിനുള്ള സ്ഥലങ്ങളും പരമ്പരാഗത തൊഴിലുകളും കലാപ്രവർത്തനങ്ങളും പഞ്ചായത്ത് ഔദ്യോഗികമായി നിർദ്ദേശിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പാക്കേജ് തയ്യാറാക്കുന്നതാണ് .സംസ്ഥാനതലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന പരിശീലനങ്ങളിലും പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രദേശവാസികൾക്ക് നേരിട്ട് അപേക്ഷ നൽകിയും ഭാഗമാകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | (ബി) | നിലവിൽ പെരിങ്ങമല പഞ്ചായത്തിലെ പെപ്പർ പദ്ധതി പ്രവർത്തനം മന്ദഗതിയിലാണ്. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായുള്ള ഒരു പരിശീലന പരിപാടി ആഗസ്റ്റ് മാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് . ഈ പരിശീലനത്തിന് ശേഷം പദ്ധതി പ്രവർത്തനം ശക്തമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ